# G H S S IRIMBILIYAM

# VALIYAKUNNU PO-676552

# *ACADEMIC MASTER PLAN-2025*

## ആമുഖം

ഇരുമ്പിളിയം പഞ്ചായത്തിലെ പ്രഥമ സർക്കാർ ഹൈസ്കൂൾ ആയിരുന്നു ഇന്ന് **അൻപതാം** വയസ്സിൽ എത്തിനിൽക്കുന്ന ഇരുമ്പിളിയം ഗവ: ഹൈസ്കൂൾ. ഇന്ന് മലപ്പുറം ജില്ലയിൽ തന്നെ ഏറ്റവും കൂടുതൽ സർക്കാർ ജീവനക്കാരും അധ്യാപകരും ഉള്ള ഒരു പ്രദേശമായി തീർന്നിരിക്കുന്നു ഇരുമ്പിളിയം. ഇരുമ്പിളിയത്തിനെ അതിന് പ്രാപ്തമാക്കിയതിൽ ഈ സ്കൂളിന് പ്രഥമ സ്ഥാനമുണ്ട്. അറിയപ്പെടാത്തതും എവിടെയും രേഖപ്പെടുത്താത്തതുമായ അനേകം മഹത് വ്യക്തികളുടെ അധ്വാനവും താൽപര്യവും ഈ സ്ഥാപനത്തിന്റെയും പ്രദേശത്തിന്റെയും മുന്നോട്ടുള്ള പ്രയാണത്തിന് ഊർജ്ജമേകിയിട്ടുണ്ട്.

കിഴക്ക് തൂതപ്പുഴയും; തെക്ക് ഭാരതപ്പുഴയും; പടിഞ്ഞാറ് വളാഞ്ചേരി മുനിസിപ്പാലിറ്റിയും; വടക്ക് എടയൂർ, മൂർക്കനാട് പഞ്ചായത്തുകളും അതിർത്തി പങ്കിടുന്ന പൗരാണിക നാടാണ് ഇരുമ്പിളിയം. 1947-ൽ ഏകാധ്യാപക സേവനത്തോടെയാണ് ഈ വിദ്യാലയം പ്രവർത്തനമാരംഭിച്ചത്. ആദ്യ രണ്ടു വർഷം സ്കൂൾ പ്രവർത്തിച്ചത് മദ്രസ കെട്ടിടത്തിലായിരുന്നു. 1976 ലാണ് 6 ക്ലാസ് റൂമുകളോടുകൂടിയ സ്വന്തം കെട്ടിടത്തിലേക്ക് സ്കൂൾ മാറി സ്ഥാപിച്ചത്. അങ്ങനെ കുറെ കാലമായി ഉണ്ടായിരുന്ന ഒരു പ്രദേശത്തിന്റെ സ്വപ്നം പൂവണിയുകയായിരുന്നു.

## അധ്യാപകർ ഉൾപ്പെടെയുള്ള ജീവനക്കാർ

ഹൈസ്കൂൾ വിഭാഗത്തിൽ 13 സബ്ജക്ട് അധ്യാപകരും , 13 ഭാഷ അധ്യാപകരും കൂടാതെ പ്രവൃത്തി പരിചയം, കായികം, സംഗീതം എന്നീ വിഭാഗത്തിൽ ഓരോ അധ്യാപകരും ഉണ്ട്. ഭിന്നശേഷിക്കാരായ കുട്ടികളുടെ പരിശീലനത്തിനായി ഒരു അധ്യാപികയും, ഒരു കൗൺസിലും കരാറടിസ്ഥാനത്തിൽ ജോലി ചെയ്യുന്നു.

ഓഫിസ് വിഭാഗത്തിൽഒരുക്ലർക്ക് രണ്ട് ഓഫിസ് അസിസ്റ്റന്റ് ഒരു ഫഫ്. ടി.സി.എം (താൽക്കാലികം)എന്നിവരാണുള്ളത്.

## പൊതുലക്ഷ്യങ്ങൾ

* സ്കൂൾ എത്തിച്ചേരുന്ന എല്ലാ കുട്ടികളും അതാത് ക്ലാസ്സിൽ നേടേണ്ട പഠനശേഷികൾ കൈവരിച്ചു എന്ന് ഉറപ്പുവരുത്തുക.

* ഓരോ ഘട്ടത്തിലും കുട്ടി നേടേണ്ട അറിവും കഴിവും മുൻകൂട്ടി തയ്യാറാക്കുക.

* കുട്ടികളുടെ സർഗ്ഗപരവും ആക്കാദമികവും കായികവുമായ കഴിവ് പരമാവധി പ്രോത്സാഹിപ്പിക്കുക.

* എല്ലാ കുട്ടികളും മലയാളം ഇംഗ്ലീഷ് ഹിന്ദി ഭാഷകൾ സംസാരിക്കാനും വായിക്കാനും എഴുതാനുമുള്ള കഴിവ് ഉറപ്പുവരുത്തുക.

* ആക്കാദാമിക് മികവിന് ഉപരിക്കുന്ന വിധത്തിൽ ദീർഘക്കാല വീക്ഷണത്തോടെ പശ്ചാത്തല സൗകര്യം വർധിപ്പിക്കുക. അധ്യാനം സർഗാ ത്മകവും  രസകരവും ആക്കുന്നതിന് ഉപരിക്കുന്ന വിവിധ തരത്തിലുള്ള പ്രവർത്തനങ്ങൾ രൂപപ്പെടുത്തുക.

പഠനം രസകരവും അനായാസവും ആക്കാൻ സാങ്കേതികവിദ്യ ഉപയോഗിക്കുക.

# വിദ്യാലയം മികവിന്റെ കേന്ദ്രം കാഴ്ചപ്പാട്

* പാഠ്യ പാഠിയാനുബന്ധ പ്രവർത്തനങ്ങളിൽ സജീവ താല്പര്യത്തോടെ കുട്ടികൾ പങ്കെടുക്കുന്ന വിദ്യാലയ അന്തരീക്ഷം സൃഷ്ടിക്കൽ.

* ശുചിത്വം, ദീനാനുക മ്പ, സാമൂഹിക ബോധം തുടങ്ങിയ മൂല്യങ്ങളുടെ മനോഭാവങ്ങളും രൂപപ്പെടുത്തുന്നതിനുള്ള സാഹചര്യം ഒരുക്കൽ.

* പാർശ്വവൽക്കരിക്കപ്പെട്ടവർക്ക് പ്രത്യേക പരിഗണനയും പങ്കാളിത്തവും ഉറപ്പാക്കുന്ന വിദ്യാലയ അന്തരീക്ഷം ഒരുക്കൽ.

* മികവാർന്ന ശേഷികളും ധാരണകളും ഓരോ ക്ലാസിലും കുട്ടികൾ നേടുന്നു എന്ന് ഉറപ്പാക്കൽ.

* ഇവിടെ പഠിച്ചു പുറത്തിറങ്ങുന്ന കുട്ടികൾ അവരുടെ വീടുകളിലും പരിസരത്തുമുള്ള മറ്റു കുട്ടികളെ നമ്മുടെ വിദ്യാലയത്തിലേക്ക് തന്നെ ചേർക്കുന്ന മികവിലേക്കു വിദ്യാലയത്തെ എത്തിക്കുക.

* കുട്ടികളിൽ പാരിസ്ഥിതിക അവബോധം ഉണ്ടാക്കി,വരും തലമുറയ്ക്കും ഉപയോഗപ്രദമായ വിധത്തിൽ പരിസ്ഥിതിയെ സംരക്ഷിക്കണമെന്ന മനോഭാവം ഉണ്ടാക്കൽ.

# നിലവിലെ അവസ്ഥാ വിശകലനം

## ഭൗതിക നേട്ടങ്ങൾ

* 17 ക്ലാസ് റൂമുകൾ പ്രൊജക്ടർ ഉപയോഗിച്ച് ഹൈടെക് സംവിധാനത്തിലേക്ക് മാറി.

* എല്ലാ ക്ലാസ് മുറികളിലും ആവശ്യത്തിനനുസരിച്ച് ലൈറ്റും ഫാനും വെച്ചു. രണ്ട് ഐടി ലാബുകൾ ലൈബ്രറി സയൻസ് ലാബ് എന്നിവയും സ്കൂളിൽ പ്രവർത്തിക്കുന്നു.

* എം എൽ എ ഫണ്ടിൽ നിന്ന് ഒരു ബസ്സും സ്കൂളിന് സ്വന്തമായുണ്ട്.

* പൂർവ്വ വിദ്യാർത്ഥികളുടെ സംഭാവനയായി സ്കൂളിന് ഒരു പ്രസംഗപീഠവും ഏകദേശം 120 കസേരകളും മൂന്ന് ഫാനുകളും, പോർട്ടബിൾ മൈക്കും, ലഭിക്കുകയുണ്ടായി.

# ഭൗതിക പരിമിതികൾ

* ഭാഷാ ക്ലാസുകൾ, ഭക്ഷണശാല, സയൻസ് ലാബ്, അടൽ ട്രിംസിങ് ലാബ്, പെൺകുട്ടികൾക്കുള്ള വിശ്രമം മുറി എന്നിവയ്ക്ക് മതിയായ കെട്ടിടങ്ങൾ ഇപ്പോഴും ഇല്ല.

**ജി.എച്ച്.എസ്.എസ് ഇരിമ്പിളിയം**
**അക്കാദമിക മാസ്റ്റർ പ്ലാൻ- 2025- 26 (ശാസ്ത്രം )**

| | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | പിന്തുണ |
|---|---|---|---|---|---|
| 1 | എല്ലാ കുട്ടികളിലും ശാസ്ത്ര പഠനത്തിലൂടെ മുൻ ക്ലാസുകളിൽ നേടേണ്ട അടിസ്ഥാനശേഷികൾ ഉണ്ടെന്ന് ഉറപ്പുവരു | പ്രിടെസ്റ്റ് ചോദ്യനിർമ്മാണം, മൂല്യനിർണയം, പരിഹാരബോധനത്തിനായി പഠന ഗ്രൂപ്പിങ്,ബോധന സാമഗ്രികൾ തയ്യാറാക്കൽ, ആസൂത്രണം, ആശയധാരണകൾ ഉറപ്പിക്കൽ, പഠന പിന്നോക്കാവസ്ഥ ഉള്ളവർക്ക് കൂടുതൽ ഒഴിവുദിന വിനിമയം. | ജൂൺ, ജൂലൈ | ശാസ്ത്ര അധ്യാപകർ | SRG |

| | | | | | |
|---|---|---|---|---|---|
| | ത്തുക | | | | |
| 2 | ശാസ്ത്രത്തിന്റെ നൂതന അറിവുകളെ അപ്ഡേറ്റ് ചെയ്യലും ശാസ്ത്രീയ മനോഭാവമുള്ളവരാക്കലും | സയൻസ് ക്ലബ്ബ് രൂപീകരണം, സയൻസ് ബുള്ളറ്റിൻ ബോർഡിന്റെ കാര്യക്ഷമമായ ഉപയോഗം, വിവിധങ്ങളായ ശാസ്ത്ര ക്ലാസുകൾ നിർമ്മാണം. | ജൂൺ, യഥാസമയങ്ങളിൽ | അധ്യാപകർ, SRG,സയൻസ് ക്ലബ്ബ് | SMC, PTA |
| 3 | സ്കൂൾ ശാസ്ത്ര ലാബിന്റെ നവീകരണം | വിവിധ ഉപകരണങ്ങൾ, ചാർട്ടുകൾ, മോഡലുകൾ, പ്രവർത്തനം, മാതൃകകൾ എന്നിവ തരംതിരിച്ച് ക്രമീകരിക്കൽ, ഇരിപ്പിടം, വെളിച്ചം, വെള്ളം<br><br>സുരക്ഷാസംവിധാനങ്ങൾ എന്നിവ സജ്ജമാക്കൽ, ക്ലാസുകളിലേക്ക് എളുപ്പം കൊണ്ടുപോകാവുന്ന മൊബൈൽ ലാബ് യൂണിറ്റ് | ആദ്യഘട്ടം | ശാസ്ത്ര അധ്യാപകൻ | SSA, RMSA, SRG, SMC, PTA |
| 4 | അന്യമായികൊണ്ടിരിക്കുന്ന കാർഷിക സംസ്കൃതിയെ | സ്കൂൾ ക്യാമ്പസിൽ പഴം പച്ചക്കറി തോട്ടം, ഔഷധത്തോട്ടം, ജൈവവൈവിധ്യ പാർക്ക്, ശാസ്ത്രീയ നാമം, പ്രാദേശിക നാമം, വർഗീകരണം | ഒരു വർഷം | ശാസ്ത്ര അധ്യാപകർ | കൃഷിഭവൻ, കർഷകർ, SMC, PTA |

| | | | | | |
|---|---|---|---|---|---|
| | വീണ്ടെടുക്കൽ,പ്രകൃതിയെ അടുത്ത് അറിയാനുള്ള അവസരം ഒരുക്കൽ | മുതലായവ രേഖപ്പെടുത്തൽ വഴി പ്രകൃതി പാഠപുസ്തകമായി മാറുന്നു | | | |
| 5 | മാലിന്യമുക്ത ആരോഗ്യ ശുചിത്വ വിദ്യാലയത്തിലൂടെ ആരോഗ്യമുള്ള സമൂഹം | പരിസര ശുചീകരണം, ശുചിത്വ ബോധവൽക്കരണം, കൊളാഷ്,കുട്ടികൾക്കും രക്ഷിതാക്കൾക്കും ആരോഗ്യ ക്ലാസ് ജീവിതശൈലി, രോഗങ്ങളുമായി ബന്ധപ്പെട്ട ക്ലാസ്സ് | യഥാസമയങ്ങളിൽ | ശാസ്ത്ര അധ്യാപകർ | ആരോഗ്യ വകുപ്പ് ICDS |
| 6 | ശാസ്ത്ര പ്രവർത്തനമാണെന്ന് മനസ്സിലാക്കാനും ശാസ്ത്ര അഭിരുചി വളർത്താനും ശാസ്ത്രോത്സവം | സ്കൂൾ ശാസ്ത്രമേള, ശാസ്ത്രോപകരണ നിർമ്മാണ ശില്പശാല, ലഘുപരീക്ഷണങ്ങളുടെ നിർമ്മാണം, മോഡൽ നിർമ്മാണം,ശാസ്ത്ര ക്വിസ്, ശാസ്ത്ര മാജിക്. | ആദ്യഘട്ടം ഹ്രസ്വകാലം | ശാസ്ത്രഅധ്യാപകർ | SMC, PTA |
| 7 | | ശാസ്ത്ര ദിനാചരണങ്ങൾ മുൻകൂട്ടിയുള്ള | | | |

| | | | | | |
|---|---|---|---|---|---|
| | ശാസ്ത്ര പഠനം രസകരമാക്കാനും ശാസ്ത്രത്തിൽ തല്പരത ഉണർത്താനും | ആസൂത്രണത്തോടെ<br><br>ചെയ്യുക,സ്പെസിമെൻ ശേഖരണം നിർമ്മാണം, ശാസ്ത്രപതിപ്പുകൾ, കൊളാഷ്, ചാർട്ടുകൾ തയ്യാറാക്കൽ, ശാസ്ത്ര പഠനയാത്രകൾ (കാർഷിക സർവകലാശാല കേന്ദ്രങ്ങൾ, പ്ലാനറ്റോറിയം അക്വേറിയം ബയോഡൈവേഴ്സിറ്റി പാർക്കുകൾ) | യഥാസമയങ്ങളിൽ | ശാസ്ത്ര അധ്യാപകർ | ശാസ്ത്ര കേന്ദ്രങ്ങൾ, SMC, PTA |
| 8 | ശാസ്ത്ര പ്രതിഭകളെ തിരിച്ചറിഞ്ഞ് ശാസ്ത്രത്തിന്ന മുതൽക്കൂട്ടാക്കി മാറ്റാം | പ്രതിഭകൾക്ക് പ്രത്യേക പരിശീലനം, വ്യവസായശാലകൾ ശാസ്ത്ര കേന്ദ്രങ്ങൾ എന്നിവ സന്ദർശിക്കൽ, ശാസ്ത്ര വിദഗ്ധരുമായുള്ള അഭിമുഖം, സ്കോളർഷിപ്പ് NMMS പരീക്ഷകൾക്ക് പരിശീലനം. | രണ്ടാം ടേമിൽ | ശാസ്ത്ര അധ്യാപകർ | SRG |
| 9 | ശാസ്ത്ര പഠനത്തിന് നൂതനശാസ്ത്ര സാങ്കേതിക സംവിധാനങ്ങൾ, | പാഠഭാഗവുമായി ബന്ധപ്പെട്ട ചിത്രങ്ങൾ വീഡിയോ ആനിമേഷൻ വെർച്ചൽ പരീക്ഷണങ്ങൾ എന്നിവ ശേഖരിച്ച് എഡിറ്റ് ചെയ്ത് സ്കൂളിലെ സ്മാർട്ട് സംവിധാനം ഉപയോഗിച്ച് പാഠാവതരണത്തിനും ആശയവിനിമയത്തിനുമായ | എല്ലായിപ്പോഴും | ശാസ്ത്ര അധ്യാപകർ | SITC, കൈറ്റ്, SCERT |

| | | | | | |
|---|---|---|---|---|---|
| | ഐസിടി സാധ്യതകൾ | ഠി ഉപയോഗിക്കൽ. | | | |

## വിഷയം :ഗണിതം

| ഗവ. ഹയർ സെക്കന്ററി സ്കൂൾ ഇരിമ്പിളിയം | | | |
|---|---|---|---|
| മാസ്റ്റർ പ്ലാൻ 2025-26 | | | |
| ഗണിതം | | | |
| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
| ആശയധരണ കൈകവരിക്കൽ | പ്രീ ടെസ്റ്റ് നടത്തി ലിസ്റ്റ് തയ്യാറാക്കൽ | ജൂൺ ആദ്യവാരം | അദ്ധ്യാപകർ |
| പാസ്കൽ ദിനാചരണം | ചാർട്ട് നിർമ്മാണം | ജൂൺ 19 | അദ്ധ്യാപകർ |
| ഗണിത ആശയങ്ങളിൽ താല്പര്യം ഉണ്ടാക്കുക | ഗണിത ക്വിസ് | ജൂലൈ ആദ്യവാരം | അദ്ധ്യാപകർ |

| | | | |
|---|---|---|---|
| നിർമ്മിതികളിലെ ശേഷി കൈവരിക്കൽ | നിർമിതികളുടെ ശിപാശാല | ഓഗസ്റ്റ് | ഗണിതക്ലബ് അംഗങ്ങൾ, അദ്ധ്യാപകർ |
| ഗണിതത്തിൽ അടിസ്ഥാനശേഷി നേടൽ | പ്രത്യേക ക്ലാസ് | തുടർപ്രവർത്തനം | അദ്ധ്യാപകർ |
| ഗണിത മേളയിലേക്ക് ഉള്ള തയ്യാറെടുപ്പ് | ഗണിത ക്ലബ് പ്രവർത്തനങ്ങൾ | ജൂൺ, ജൂലൈ, ഓഗസ്റ്റ് | ഗണിതക്ലബ് അംഗങ്ങൾ, അദ്ധ്യാപകർ |
| ഗണിത ലാബ് | ഗണിത ശില്പശാലയിലൂടെ ലാബിലേക്കുള്ള ഉപകരണങ്ങളുടെ ശേഖരണം | ഒക്ടോബർ, നവംബർ, ഡിസംബർ | ഗണിതക്ലബ് അംഗങ്ങൾ, അദ്ധ്യാപകർ |

GHSS IRIMBILIYAM

Academic master plan 2025

SUBJECT : English

| Sr No | Skills to be develo ped | Objectives | Activities | Duration | Financ e | Implem en tation | Remarks |
|---|---|---|---|---|---|---|---|
| 1. | Oratory | To Develop the skills of narrating a poem | To participate in the competitio n class wise | June July | Nil | Subj ect facul ty | Every students will be encourag ed and inspired to take part. |
| 2. | Writing | To develop the skills of writing | actively participat e in a competitio n | July | Nil | Subj ect facul ty | Active participati on in the event. |
| 3. | Present a tion skills | To develop overall personality | To take part in audition | August | - | Subj ect facul ty | Students selected for skit |

| | | | | | | | |
|---|---|---|---|---|---|---|---|
| 4. | Writing skills | To develop the writing skills | Majority to particip ate in essay writing | Septem ber | | Subj ect facul ty | Better essay writers are selected |
| 5 | Speakin g | To develop the speakin g skills in pupils | Speec h compe tition | October | Nil | Subj ect facult y | best speech to be selecte d from the team |
| 6 | Reading | Engaged pupil in newspaper reading competitio n | Newspap er given and made to read indivi dually | Nov & Dec | nil | subje ct facult y | Children to participat e in the event. |

| | | | | | | | |
|---|---|---|---|---|---|---|---|
| 7 | **All specific skills** | **To participate in language activities and its presentation (choreography, script writing,dramatizing).** | **Class wise Preparation of various activities / competition to be held based on English language. Exhibition of classic movies.** | **January & February** | **Nil** | **All subject teachers** | **\ Children are expected to participate and contribute effectively.** |
| | | | | | | | |

മേഖല - ഹൈസ്കൂൾ - മലയാളം **ACADEMIC MASTER PLAN 2025-26 GHSS IRIMBILIYAM**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ഭൗതികം | ചുമതല |
|---|---|---|---|---|
| 1) ഭാഷാപരമായ പിന്നോക്കാവസ്ഥ പരിഹരിക്കൽ | 1. പ്രീ ടെസ്റ്റ്<br>2. അക്ഷരം ഉറപ്പിക്കൽ<br>3. അടയാളം ഉറപ്പിക്കൽ<br>4. വാക്കുകൾ നിർമ്മിക്കുക<br>5. വാക്യങ്ങൾ നിർമ്മിക്കൽ<br>6. ചിത്രം - അടിക്കുറിപ്പ്<br>7. ഭാഷാപരമായി പിന്നോക്കം നിൽക്കുന്നവർക്ക് പ്രത്യേക ക്ലാസ് | 2 മാസം, (ആഗസ്ത്, സെപ്തംബർ) | പുസ്തകങ്ങൾ, ചിത്രങ്ങൾ | പി.ടി.എ, അധ്യാപകർ |
| 2) കുട്ടിയെ മികച്ച വായനക്കാരനാക്കുക. | 1. സ്കൂൾ ലൈബ്രറി നവീകരിക്കൽ<br>2. വായനോത്സവം സംഘടിപ്പിക്കൽ<br>3. പത്രവായന<br>4. പുസ്തക ചർച്ച<br>5. വായനാനുഭവം<br>6. വിദ്യാരംഗം കലാസാഹിത്യവേദി പ്രവർത്തനം<br>7. ദിനാചരണം<br>8.ആനുകാലിക പ്രസിദ്ധീകരണങ്ങളും വായനയും.<br>9. ഇ - വായന<br>10.ഹ്യൂമൻ ലൈബ്രറി | 6 മാസം | ക്ലാസ് ലൈബ്രറി, സ്കൂൾ ലൈബ്രറി, പത്രങ്ങൾ,ആനുകാലിക പ്രസിദ്ധീകരണങ്ങൾ, ഇന്റർനെറ്റ്, കമ്പ്യൂട്ടർ | പി.ടി.എ, അധ്യാപകർ |

| മേഖല - ഹൈസ്കൂൾ - മലയാളം | ACADEMIC MASTER PLAN 2025-26 GHSS IRIMBILIYAM | | | |
|---|---|---|---|---|
| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ഭൗതികം | ചുമതല |
| 3) കുട്ടിയെ മികച്ച എഴുത്തുകാരനാക്കുക | 1. എഴുത്തുകൂട്ടം രൂപീകരണം<br>2. വിവിധ സാഹിത്യശാഖകൾ പരിചയപ്പെടൽ<br>3. പതിപ്പ് തയ്യാറാക്കൽ<br>4. വ്യക്തിഗത രചന, സംഘ രചന | 6 മാസം | ലൈബ്രറി, പുസ്തകങ്ങൾ, ഫോട്ടോകൾ, പുസ്തകങ്ങൾ | പി.ടി.എ, അധ്യാപകർ |
| 4) സദസ്സിനെ അഭിമുഖീകരിക്കാൻ പ്രാപ്തരാക്കുക | 1. വിവിധ വിഷയങ്ങൾ നൽകി പ്രസംഗം തയ്യാറാക്കുക<br>2. മികച്ച പ്രസംഗങ്ങളുടെ ഓഡിയോ, വീഡിയോ എന്നിവ കേൾപ്പിക്കുന്നു.<br>3. പ്രസംഗം അവതരിപ്പിക്കുന്നതിനുള്ള വേദികൾ സജ്ജമാക്കുക. | 6 മാസം, (ജൂലൈ-ഡിസംബർ) | ഓഡിയോ, വീഡിയോ | ട്രൈയിനർ, അധ്യാപകർ |

# GOVT.H.S.S.IRIMBILIYAM

## ACADEMIC MASTER PLAN 2025-26

## ARABIC

| ക്രമ നമ്പർ | ലക്ഷ്യം | പ്രവർത്തനം | കാലയളവ് | പിന്തുണ | റിമാർക്സ് |
|---|---|---|---|---|---|
| 1 | എഴുത്ത് പരിശീലിക്കാം | എഴുത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികളെ കണ്ടെത്തുകയും പ്രത്യേക സമയം കണ്ടെത്തി അവരെ ശരിയായ രീതിയിൽ ഭാഷ എഴുതുന്നതിന് പരിശീലിപ്പിക്കുകയും ചെയ്യുന്നു. | ജൂൺ | അദ്ധ്യാപകർ, സ്കൂൾ ലൈബ്രറി പുസ്തകങ്ങൾ | |
| 2 | പരിസ്ഥിതിയെ കുറിച്ചുള്ള അവബോധം | പരിസ്ഥിതി ദിനം :<br>പോസ്റ്റർ പ്രദർശനം | ജൂൺ 5 | അദ്ധ്യാപകർ | |
| 3 | കുട്ടികളിൽ വായന പ്രോത്സാഹിപ്പിക്കുക | വായന വാരാചരണം :<br>അറബിക് ലൈബ്രറി വിഭാഗം കാര്യക്ഷമമാക്കുന്നു, | ജൂൺ | | |

| | | | | | |
|---|---|---|---|---|---|
| | | വായനാ മത്സരം സംഘടിപ്പിക്കുന്നു, അറബി ഭാഷയിലുള്ള ലളിതമായ പുസ്തകങ്ങൾ വായിക്കാൻഅവസരം നൽകുന്നു, തിരഞ്ഞെടുക്കപ്പെട്ട ശകലങ്ങൾ പ്രൊജക്ടർ വഴി കാണിച്ച് വായിക്കാൻ അവസരം നൽകുന്നു, വിജയികൾക്ക് സമ്മാനങ്ങൾ നൽകുന്നു . | | അദ്ധ്യാപകർ, സ്കൂൾ ലൈബ്രറി പുസ്തകങ്ങൾ | |
| 4 | വിദ്യാർത്ഥികൾക്ക് ലഹരി വസ്തുക്കളോട് വിരക്തി ഉണ്ടാക്കുക ,ലഹരിയുടെ ദുരന്ത ഫലങ്ങളെക്കുറിച്ച് ബോധവൽക്കരണം നടത്തുക | ലഹരി വിരുദ്ധ ആശയങ്ങൾ പ്രചരിപ്പിക്കുന്ന വീഡിയോകൾ പ്രദർശിപ്പിക്കുന്നു, പോസ്റ്റർ നിർമ്മാണവും പ്രദർശനവും സംഘടിപ്പിക്കുന്നു.ബോധവൽക്കരണ ക്ലാസുകൾ സംഘടിപ്പിക്കുന്നു. | ജൂലൈ | അദ്ധ്യാപകർ,സാമൂഹ്യ സാംസ്കാരിക സംഘടനകൾ, മന: ശാസ്ത്ര വിദഗ്ധർ,വീഡിയോ ക്ലിപ്പുകൾ | |
| 5 | ഒന്നാം പാദവാർഷിക പരീക്ഷക്ക് കുട്ടികളെ സജ്ജരാക്കൽ | 8, 9,10 ക്ലാസുകളിലെ ഒന്നും രണ്ടും യൂണിറ്റുകളിൽ നിന്നുള്ള ചോദ്യങ്ങൾ തയ്യാറാക്കൽ. | ജൂലൈ 25 മുതൽ ആഗസ്റ്റ് 10 | അദ്ധ്യാപകർ , മുൻവർഷങ്ങളിലെ ചോദ്യപേപ്പറുകൾ | |
| 6 | ദേശീയതയെ കുറിച്ച് കുട്ടികളിൽ അവബോധം സൃഷ്ടിക്കുക, ഇന്ത്യയുടെ സ്വാതന്ത്ര്യത്തിനായി ത്യാഗം ചെയ്ത ദേശീയ നേതാക്കളുടെ ചരിത്രങ്ങൾ പഠിക്കാൻ കുട്ടികൾക്ക് അവസരം | സ്വാതന്ത്ര്യ ദിനാഘോഷം : പ്രശ്നോത്തരി, സ്വാതന്ത്ര്യ സമര നേതാക്കളുടെ ചിത്രങ്ങൾ ശേഖരിക്കുകയും അവരെ കുറിച്ച് വിവരണം തയ്യാറാക്കുകയും ചെയ്യുന്നു. | ആഗസ്റ്റ് 15 | അദ്ധ്യാപകർ , ചരിത്ര പുസ്തകങ്ങൾ | |

| | | | | | |
|---|---|---|---|---|---|
| | നൽകുക. | | | | |
| 7 | അധ്യാപകന്റെ മഹത്വം കുട്ടികൾ തിരിച്ചറിയാൻ അവസരം ഉണ്ടാക്കുന്നു. | ആശംസ കാർഡുകൾ തയ്യാറാക്കി അധ്യാപകർക്ക് നൽകുന്നു. | സെപ്റ്റംബർ 5 | അദ്ധ്യാപകർ , രക്ഷിതാക്കൾ | |
| 8 | രാഷ്ട്രപിതാവ് മഹാത്മാഗാന്ധിയുടെ ജീവിതം പഠിക്കാൻ അവസരം നൽകൽ. | ഗാന്ധിജിയെ കുറിച്ചുള്ള ഡോക്യുമെന്ററി പ്രദർശനം, ക്വിസ് മത്സരം | ഒക്ടോബർ | അദ്ധ്യാപകർ , രക്ഷിതാക്കൾ | |
| 9 | കേരളവും അറബി ഭാഷയും : ചരിത്ര പഠനം | കേരളപ്പിറവി ദിനം :<br>കേരളത്തിന്റെ ഭൂപടം തയ്യാറാക്കി അറബികളുമായി കച്ചവട ബന്ധം പുലർത്തിയ പ്രദേശങ്ങൾ , പുരാതനമായ പള്ളികൾ നിലനിൽക്കുന്ന പ്രദേശങ്ങൾ മുതലായവ രേഖപ്പെടുത്തുന്നു . | നവംബർ 1 | അദ്ധ്യാപകർ , ചരിത്ര പുസ്തകങ്ങൾ | |
| 10 | അറബി ഭാഷയുടെ ഉത്ഭവം , വളർച്ച , പ്രസക്തി എന്നിവയെക്കുറിച്ച് കുട്ടികളിൽ അവബോധമുണ്ടാക്കൽ | ലോക അറബി ഭാഷാദിനാചരണം :<br>അറബി പ്രശ്നോത്തരി, അറബി കലകളെ കുറിച്ചുള്ള ശില്പശാല സംഘടിപ്പിക്കുന്നു, കഥ, കടങ്കഥ, കവിത, ഉപന്യാസം, കാർട്ടൂൺ ,പ്രശ്നോത്തരി, തുടങ്ങിയ സൃഷ്ടികൾ കുട്ടികൾ തയ്യാറാക്കി സ്കൂൾതല | ഡിസംബർ 1 മുതൽ 30 വരെ | അദ്ധ്യാപകർ | |

| | | | | | |
|---|---|---|---|---|---|
| 11 | കുട്ടികളുടെ സർഗ്ഗവാസനയെ പരിപോഷിപ്പിക്കൽ | മാഗസിൻ തയ്യാറാക്കുന്നു.<br><br>ജനവരി അവസാനത്തോട് കൂടി ഒരു കയ്യെഴുത്ത് മാഗസിൻ തയ്യാറാക്കുന്നു,ക്ലാസ് തലത്തിൽ കുട്ടികളിൽ നിന്ന് സൃഷ്ടികൾ ശേഖരിച്ച് നിലവാരമുള്ളവ സ്കൂൾതല മാഗസിനിൽ ഉൾപ്പെടുത്തുന്നു , ചെറുകഥകൾ, കടങ്കഥകൾ ,ചിത്രങ്ങൾ ,വിവരണങ്ങൾ, പഴഞ്ചൊല്ലുകൾ മുതലായവ ഇതിൽ ഉൾപ്പെടുത്തുന്നു. | ജനവരി | അദ്ധ്യാപകർ | |

# ACCADEMIC MASTER PLAN
## സ്കൂൾതല ഫോർമാറ്റ്

### സംസ്കൃതം@GHSS IRIMBILIYAM

| No | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | ചിലവ് |
|---|---|---|---|---|---|
| 1 | പ്രകൃതി ചിത്രണം | പ്രകൃതിയെ വരയ്ക്കൽ | 5/6/2025 | സംസ്കൃതഅധ്യാപിക സംസ്കൃതസമിതി | 100 |
| 2. | വാചനസംസ്കൃതം | ക്ലാസ് തല വായന സ്കൂൾതലവായന | 19/6/25to 23/6/25 | സംസ്കൃതഅധ്യാപിക സംസ്കൃതസമിതി | 500 |
| 3. | സുഖദം വ്യായാമം | യോഗക്ലാസ്.യോഗവീഡിയോ പ്രദർശനം | july21 | സംസ്കൃതഅധ്യാപിക സംസ്കൃതസമിതി | 1000 |
| 4. | സംസ്കൃതദിനാഘോഷം | കവിസദസ്,വിദ്യാർത്ഥികളുടെ പരിപാടികൾ | Aug7-23 | സംസ്കൃതഅധ്യാപിക സംസ്കൃതസമിതി | 5000 |
| 5. | സ്വതന്ത്രതാദിവസ് | ദേശഭക്തിഗാനാലാപനം , സമരസേനാനികളെ പരിചയപെടൽ | Aug15 | സംസ്കൃതഅധ്യാപിക സംസ്കൃതസമിതി | 1000 |
| 6. | കലാപൈതൃകം | ഗദ്ദികകലാകാരനുമായി സംവാദം .വീഡിയോ പ്രദർശനം | Sep-7 | സംസ്കൃതഅധ്യാപിക സംസ്കൃതസമിതി | 3000 |
| 7. | ഗച്ഛാമോ വയം | പഠനയാത്ര | oct-(or)nov | സംസ്കൃതഅധ്യാപിക സംസ്കൃതസമിതി | 10000 |
| 8. | സംഭാഷണശിബിരം | സംഭാഷണപരിശീലനക്യാമ്പ് | dec | സംസ്കൃതഅധ്യാപിക സംസ്കൃതസമിതി | 2000 |
| 9. | സാങ്കേതികസംസ്കൃതം | ഡിജിറ്റൽ ടൈപ്പിംഗ് | january | സംസ്കൃതഅധ്യാപിക സംസ്കൃതസമിതി | 2000 |
| 10 | സംഗീതസഭ | കുട്ടികളുടെ ഗാനപരിശീലനം | february | സംസ്കൃതഅധ്യാപിക സംസ്കൃതസമിതി | 2000 |

| Academic master plan 2025(തൊഴിൽ ഉദ്ഗ്രഥിത വിദ്യാഭ്യാസം) | | | | | | |
|---|---|---|---|---|---|---|
| Sl No | മേഖല | പ്രവർത്തനങ്ങൾ | കാലയളവ് | സാമ്പത്തികം | നിർവഹണ ചുമതല | REMARKS |
| 1 | കൃഷി | ചെലവ് കുറഞ്ഞ പോഷകാഹാരം നിർമ്മാണം. ഭക്ഷ്യ സംസ്കരണ രീതികൾ. സ്കൂളിലും വീടുകളിലും പച്ചക്കറി തോട്ടം നിർമ്മാണം പൂന്തോട്ട നിർമ്മാണം | ,ജൂൺ - ജൂലൈ | ഇല്ല | പ്രവർത്തി പഠന അധ്യാപിക | കൃഷിയോടുള്ള കുട്ടികളുടെ താല്പര്യത്തെ വളർത്തുന്നതിന് ഉതകുന്ന പ്രവർത്തനങ്ങൾ നൽകുകയും അതിന്റെ ഫോട്ടോസ് ശേഖരിക്കുകയും ചെയ്യുന്നു |
| 2 | ഭക്ഷ്യ വ്യവസായം | ക്ലാസ് തല ഭക്ഷ്യ മേള സംഘടിപ്പിക്കൽ | ആഗസ്റ്റ് | ഇല്ല | പ്രവൃത്തി പഠനം അധ്യാപിക | പാചകത്തോടുള്ള കുട്ടികളുടെ ആഭിമുഖ്യം മനസ്സിലാക്കുന്നു |
| 3 | ആരോഗ്യം ആരോഗ്യ പരിപാലനം | പരിസരം വൃത്തിയാക്കൽ ശുചീകരണ സംബന്ധിയായ സാമഗ്രികൾ നിർമ്മിക്കൽ സ്കൂൾതല പ്രവർത്തി പരിചയം മേള സംഘടിപ്പിക്കൽ പാഴ്‌വസ്തു പരിപാലനം | സെപ്റ്റംബർ- ഒക്ടോബർ | ഇല്ല | സ്കൂൾ സംഘടന സമിതി | കുട്ടികളിലെ ക്റിയാത്മകത കണ്ടെത്തുന്നു |
| 4 | വസ്ത്രം | ലളിതമായ രീതിയിൽ വസ്തുങ്ങൾ നിർമ്മിക്കൽ<br><br>അലങ്കാര പ്രക്രിയകൾ ഫാബ്രിക് പെയിന്റിംഗ് വെജിറ്റബിൾ പ്രിന്റിംഗ് എംബ്രോയിഡറി മറ്റു ലളിതമായ അലങ്കാരങ്ങൾ | ഒക്ടോബർ - ഡിസംബർ | ഇല്ല | പ്രവർത്തി പഠന അധ്യാപിക | മികച്ച പ്രവർത്തനം കാഴ്ചവച്ച കുട്ടികളുടെ പ്രവർത്തനങ്ങൾ സബ് ജില്ലയിലേക്ക് കൊണ്ടുപോകേണ്ടതാണ് |

| | | | | | | |
|---|---|---|---|---|---|---|
| 5 | പാർപ്പിടം | അലങ്കാരവസ്തുക്കൾ നിർമ്മാണം വീട് മൂടി പിടിപ്പിക്കുന്നതിനുള്ള സാമഗ്രികൾ നിർമ്മിക്കൽ വീടിനുതകുന്ന മറ്റു പ്രവർത്തനങ്ങൾ | ഡിസംബർ- ജനുവരി | ഇല്ല | അധ്യാപിക | നല്ല രീതിയിൽ പ്രവർത്തനം കാഴ്ചവെക്കുന്ന വിദ്യാർത്ഥികളെ തെരഞ്ഞെടുക്കുന്നു |
| 6 | പാഴ്‌വസ്തു പരിപാലനം | ഉപയോഗശൂന്യമായ വസ്തുക്കൾ കൊണ്ട് അലങ്കാര വസ്തുക്കൾ നിർമ്മാണം | ജനുവരി- ഫെബ്രുവരി | ഇല്ല | പ്രവർത്തി പഠന അധ്യാപിക | നല്ല പ്രവർത്തനങ്ങളെ പ്രദർശനത്തിനായി മാറ്റിവയ്ക്കുന്നു |
| 7 | സേവനം, ഉപയോഗ യോഗ്യമായ വസ്തുക്കളുടെ നിർമ്മാണം, | ബുക്ക് ബൈൻഡിങ്,ബാഗ്, , , മുതലായവയുടെ നിർമ്മാണം | ഫെബ്രുവരി മാർച്ച് | ഇല്ല | പ്രവർത്തി പഠനം അധ്യാപിക | നല്ല പ്രവർത്തനങ്ങളെ മാറ്റിവെക്കാം |
| 8 | ആഹാരവും കൃഷിയും | സ്കൂൾതല ഭക്ഷ്യമേള | മാർച്ച് | ഇല്ല | സംഘാടക സമിതി | വിപണന സാധ്യതകൾ കണ്ടെത്തുന്നു |
| 9 | മേഖലകൾ ...തൊഴിൽ ഉദ്ഗ്രഥിത വിദ്യാഭ്യാസം | ഒരു വർഷത്തെ പ്രവർത്തനങ്ങളുടെ പ്രദർശനം, റിപ്പോർട്ട് | മാർച്ച് | ഇല്ല | സംഘാടക സമിതി | നല്ല പ്രവർത്തനങ്ങളെ വിലയിരുത്തുകയും മറ്റുള്ള കാര്യങ്ങളെ മെച്ചപ്പെടുത്തുകയും ചെയാം പോരായ്മകളെ കണ്ടെത്താം |
| | | | | | | |